manoramaonline

# നിരുപമം സംഗീതം

Saturday 21 July 2018 11:29 PM IST

by ജോ ജേക്കബ്

Author Details

വിശ്രമകാലത്തെ നയതന്ത്ര ജീവിതം എങ്ങനെ എന്നൊരു ചോദ്യമെറിഞ്ഞാൽ പാട്ടുപോലെ ലളിതസുന്ദരമെന്നാവും നിരുപമ റാവുവിന്റെ മറുപടി. വിരമിച്ച ശേഷം തിരക്കേറിയെന്ന തിരുത്തും ഒപ്പമുണ്ടാകും. രണ്ടു രാജ്യങ്ങൾ തമ്മിലുള്ളതു മാത്രമല്ല സംഗീതത്തിന്റെയും 'ട്യൂണിങ്' നിരുപമ റാവുവിനു വഴങ്ങുമെന്നതിനു തെളിവാണ് 'പീസ് ഈസ് മൈ ഡ്രീം' എന്ന സംഗീത ആൽബം. ജീവിതത്തിന്റെ പുതിയ വസന്തത്തിൽ തന്റെ പാട്ടിഷ്ടത്തെ ഇവർ പൊടിതട്ടിയെടുത്തതിന്റെ ഫലം. സംഗീതം, എഴുത്ത് തുടങ്ങിയ ഇഷ്ടങ്ങളെ ഓർത്തെടുക്കുകയാണ് യുഎസിലെ ഇന്ത്യൻ അംബാസഡർ, വിദേശകാര്യ സെക്രട്ടറി തുടങ്ങിയ നിലകളിൽ തിളങ്ങിയ നിരുപമ റാവു.

**പാട്ടോർമ**

റേഡിയോയായിരുന്നു ചെറുപ്പത്തിന്റെ കേൾവി ഇടം. ഊട്ടിയിലെ സ്കൂൾ പഠനകാലത്ത് റേഡിയോയിൽ ശബ്ദം കൂട്ടിവച്ചത് പാശ്ചാത്യ ഗാനങ്ങൾക്ക്. ബീറ്റിൽസ്, റോളിങ് സ്റ്റോൺ എന്നിവയെല്ലാം ചെവിയിലും മനസ്സിലും നിറഞ്ഞു. ഗാനങ്ങൾ നോട്ടുപുസ്തകത്തിൽ കുറിച്ചിടുന്നതു ശീലമായി. അമേരിക്കൻ നാടോടി ഗാനങ്ങൾ കേൾക്കുന്നത് അക്കാലത്താണ്. സ്വാനീ റിവർ, ഓ ക്ലമന്റൈൻ എന്നിവയെല്ലാം ഇന്നുമുണ്ട് ചുണ്ടിൽ. ബോബ് ഡിലനും ജൊവാൻ ബേസുമെല്ലാം ഇഷ്ടക്കാരായി. 15-ാം വയസിൽ സമ്മാനമായി ലഭിച്ച സ്പാനിഷ് ഗിറ്റാറിൽ പതിയെ താളമിട്ടു. പാട്ടിനോട് ഏറെ ഇഷ്ടമുണ്ടായിരുന്നെങ്കിലും സിവിൽ സർവീസ് എന്ന വലിയ ലക്ഷ്യമായിരുന്നു മുന്നിൽ.

**പാട്ട് എന്ന സ്വപ്നം**

12-ാം വയസിൽ കണ്ടുതുടങ്ങിയ സ്വപ്നം 1973ലാണു സഫലമായത്. ഒന്നാം റാങ്കോടെ സിവിൽ സർവീസ് വിജയം. ജോലിത്തിരക്കുകൾക്കിടയിൽ സംഗീതത്തിന്റെ ലോകം അൽപ്പം അകന്നു നിന്നു. ഒടുവിൽ പാട്ടുമോഹത്തെ വീണ്ടും പൊടിതട്ടിയെടുത്തതു 2002ലാണ്. വിദേശകാര്യ മന്ത്രാലയത്തിൽ വക്താവായി സേവനം ചെയ്ത കാലത്തു ശനിയാഴ്ചകളിലെ പ്രഭാതങ്ങൾ സംഗീത പഠനത്തിനായി മാറ്റിവച്ചു. ഗാനാലാപനത്തിന്റെ സാങ്കേതിക വശങ്ങളും ശബ്ദനിയന്ത്രണത്തിന്റെ പ്രാധാന്യവുമെല്ലാം മനസിലാക്കുന്നത് അക്കാലത്താണ്. പാട്ടിന്റെ മേഖലയിൽ അച്ചടക്കം നേടിയെടുത്ത് അങ്ങനെ.
ശ്രീലങ്കയിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയത്തിൽ സേവനം ചെയ്ത 2004-06 കാലത്തു സൗന്ദരി ഡേവിഡ് റോഡിഗ്രോയെന്ന സംഗീതജ്ഞയെ പരിചയപ്പെട്ടതു വഴിത്തിരിവായി.
നാലു പതിറ്റാണ്ടു നീണ്ട നയതന്ത്ര ജീവിതം 2013ൽ അവസാനിച്ച ശേഷവും അധ്യാപനവും എഴുത്തും പ്രഭാഷണവുമായി ഏറെ തിരക്കായിരുന്നു. എന്നാൽ അവസരം കിട്ടിയപ്പോഴെല്ലാം പാട്ടിനെയും കൂടെക്കൂട്ടി. ബെംഗളൂരു, ചെന്നൈ, ലക്നൗ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിൽ പൊതുവേദികളിൽ സംഗീതവിരുന്നൊരുക്കി. മ്യൂസിക് ആൽബം എന്ന ചിന്ത രൂപപ്പെടുന്നതും ഇക്കാലത്താണ്.

**പീസ് ഈസ് മൈ ഡ്രീം**

2016ലാണു സ്വന്തം ആൽബത്തിന്റെ ജോലികൾ ആരംഭിക്കുന്നത്, സൗന്ദര്യയ്ക്കൊപ്പം. കൊളംബോയിലായിരുന്നു ആദ്യ ഘട്ട റെക്കോർഡിങ്. ന്യൂഡൽഹിയിലെ പെനിൻസുല സ്റ്റുഡിയോ പിന്തുണ നൽകി. മ്യൂസിക് വിഡിയോ തയാറാക്കിയിരിക്കുന്നതും ഇവരാണ്. യൂണിവേഴ്സൽ മ്യൂസിക് ഗ്രൂപ്പാണ് ആൽബം പുറത്തെത്തിച്ചിരിക്കുന്നത്.
മൊത്തം 14 ഗാനങ്ങൾ. ആലാപനത്തിനു പുറമെ പീസ് ഈസ് മൈ ഡ്രീം എന്ന ടൈറ്റിൽ ഗാനവും വീ വിൽ വോക്ക് ഫ്രീ എന്ന ഗാനവും എഴുതി. ആദ്യത്തേതിന് യുഎസ് സ്വദേശികളായ ബോബ്- മാർത്ത ഹാനോത്താണു സംഗീതം നൽകിയിരിക്കുന്നത്. രണ്ടാമത്തേതിനു സൗന്ദരി റോഡിഗ്രോയും. ശ്രീലങ്കൻ സ്വദേശിയായ നിരഞ്ജൻ ഡിസിൽവയും ആൽബത്തിൽ കൈകോർത്തിരിക്കുന്നു.
യുഎസിൽ മിഡ്‌വെസ്റ്റിലെ പുസ്തകശാലയിൽ നിന്നു കണ്ടെത്തിയ പഴയ പാട്ടുപുസ്തകത്തിലെ രണ്ടു നാടോടി ഗാനങ്ങളും ആൽബത്തിലുണ്ട്. ഏയ് തീവാലരും എന്ന രചന മേഘാലയയിലെ പരമ്പരാഗത ഗാനമാണ്. ടഗോറിന്റെ കവിതയും ഗാന്ധിയുടെ ഏറ്റവും പ്രിയപ്പെട്ട വൈഷ്ണവ ജനതോ എന്ന കവിതയും ഇതിലുണ്ട്.

**പാട്ടിന്റെ നയതന്ത്രം**

സ്നേഹമാണു മനുഷ്യരെ ചേർത്തു നിർത്തുന്നത്. നെൽസൺ മണ്ടേലയുടെ ചിന്ത ആൽബത്തിന്റെ തലക്കെട്ടിലെത്തിച്ചതും ഇക്കാരണത്താൽ തന്നെ. സംഗീതം കൊണ്ടു രണ്ടു രാജ്യങ്ങൾ തമ്മിലുള്ള വിദ്വേഷം ഇല്ലാതാക്കാൻ സാധിക്കും. കലകൾക്കു നമ്മുടെ സംസ്കാരത്തിലുള്ള സ്വാധീനം തന്നെ ഇതിനു തെളിവ്. സൗത്ത് ഏഷ്യ സിംഫണി ഓർക്കസ്ട്രയ്ക്കു രൂപം നൽകിയതും ഈ വെളിച്ചത്തിൽ. ഓർക്കസ്ട്രയുടെ ആദ്യ സംഗീതവിരുന്ന് മ്യൂസിക് ബിയോണ്ട് ബോർഡേഴ്സ് അരങ്ങേറിയതു രണ്ടു മാസം മുൻപ്. യുഎസിൽ താമസിക്കുന്ന ഇന്ത്യൻ വംശജൻ വിശ്വ സുബ്ബരാമനായിരുന്നു കണ്ടക്ടർ. ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ളവർ ഓർക്കസ്ട്രയിൽ അണിനിരുന്നു.
യുവാക്കളാണ് ലോകത്തു ഭൂരിഭാഗവും. യുദ്ധവും വേർതിരിവുകളും ഇവർക്കു സ്വീകാര്യമല്ല. സംഗീതത്തിന്റെ മികവിൽ ഇവരെ ഒരുമിപ്പിക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ. രാഷ്ട്രീയ അടവുകളെക്കാൾ കലയും സംസ്കാരവും ഇഴചേരുന്ന നയതന്ത്രമാണ് ഇനിയാവശ്യം.
അഫ്ഗാനിസ്ഥാനിൽ നിന്നുള്ള സംഗീതജ്ഞരെ ഒരുമിപ്പിച്ചു പുതിയ സംഗീത വിരുന്ന് ഒരുക്കാനുള്ള തയാറെടുപ്പ് പുരോഗമിക്കുകയാണ്.

**തിരക്കൊഴിയാതെ 'വിശ്രമം'**

വിരമിച്ച ശേഷം തിരക്കേറിയെന്നതാണു വാസ്തവം. പഠന, ഗവേഷണ സ്ഥാപനമായ വുഡ്രോ വിൽസൻ സെന്ററിൽ ഇന്ത്യ-ചൈന ബന്ധങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഫെലോ, പുസ്തക രചന, അധ്യാപനം തുടങ്ങിയ ഏറെ ജോലികളുണ്ട്. സെന്റർ ഫോർ അമേരിക്കൻ പ്രോഗ്രസ് ടാക്സ് ഫോഴ്സിനു വേണ്ടി ഇന്ത്യ-യുഎസ് ബന്ധത്തെക്കുറിച്ചുള്ള പഠനറിപ്പോർട്ട് ഈയിടെ സമർപ്പിച്ചു. ഇന്ത്യയിലെ മുൻ യുഎസ് അംബാസഡർ റിച്ചാഡ് ആർ.വർമയുമായി ചേർന്നായിരുന്നു ഇതിന്റെ പഠനം. 1949 മുതൽ 62 വരെയുള്ള ഇന്ത്യ-ചൈന നയതന്ത്ര ബന്ധം കേന്ദ്രമാക്കിയുള്ള പുസ്തകം വൈകാതെ പുറത്തെത്തും.

കുട്ടികൾക്കു വേണ്ടിയുള്ള ആത്മകഥാംശം നിറഞ്ഞ പുസ്തകവും പണിപ്പുരയിലാണ്. റെയ്ൻ റൈസിങ് എന്ന കവിതാസമാഹാരത്തിന്റെ തുടർച്ചയായി കവിതാ പുസ്തകവും ആലോചനയിലുണ്ട്.